# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 298** **04-10-2021 - ൽ മറുപടിയ്ക്ക്**

## സപ്ലൈക്കോയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500 ഓളം വരുന്ന ഔട്ട് ലെറ്റുകളിലേക്ക് രണ്ടര മാസത്തേയ്ക്ക് ആവശ്യമായ 38 ഇനം പലവ്യഞ്ജന സാധനങ്ങൾ, ഡിപ്പോകളിൽ നിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത, കമ്പോള നിലവാരം, തുടങ്ങിയ കാര്യങ്ങൾ കൂടി പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ മുഖേന വാങ്ങി വില്പനശാലകളിലൂടെ വിതരണം ചെയ്യുന്നു. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോട് കൂടിയ ഇ ടെൻഡർ മുഖാന്തിരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പ് വരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു. |
| (ബി) | അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ഉൾപ്പെടെ എല്ലാ ഇടപാടുകളും ഇ-ടെൻഡർ മുഖേന മാത്രമേ പാടുള്ളൂ എന്ന സംസ്ഥാന സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോഴും സപ്ലൈകോ ചില ഉൽപ്പന്നങ്ങൾക്ക് വേണ്ടി ഇ-ടെൻഡർ ഒഴിവാക്കി താത്പര്യപത്രം ക്ഷണിച്ചത് സർക്കാരിന്റെ അനുമതിയോടെയാണോ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സപ്ലൈകോയുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ഗുണ മേന്മയുള്ള കൂടുതൽ ഉത്പന്നങ്ങൾ ന്യായമായ വിലക്ക് ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നതിന്റെ ഭാഗമായി, കറി പൗഡർ , മസാല പൗഡർ എന്നീ ഉൽപ്പന്നങ്ങൾ പ്രോസസ്സിംഗ് യൂണിറ്റ് ലീസിനെടുത്തു ശബരി ബ്രാൻഡിൽ ഉത്പാദിപ്പിച്ച പ്രോസസ്സ് ചെയ്തു വിതരണം നടത്തുന്നതിനും, റവ/സൂചി, മൈദ, കുടംപുളി, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ്, ലിക്വിഡ് ടോയ്‌ലറ്റ് ക്ലീനർ, ഡിറ്റർജന്റ് പൗഡർ, സൺഫ്ലവർ ഓയിൽ/ പാമോലിൻ എന്നിവ ശബരി ബ്രാൻഡിൽ പ്രോസസ്സ് ചെയ്തു വിതരണം നടത്തുന്നതിനും ബോർഡ് അനുമതി ലഭിച്ചതിനെ തുടർന്ന്, ടി വിഷയം സപ്ലൈകോയുടെ ആദ്യ സംരംഭമായതിനാൽ, വിവിധ സാങ്കേതിക വിഷയങ്ങളെക്കുറിച്ചും, സ്പെസിഫിക്കേഷനെ സംബന്ധിച്ചും അറിവുള്ള നിർമ്മാതാക്കളിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ച്, സുതാര്യമായ രീതിയിലുള്ള |

| | | | |
|---|---|---|---|
| | | | സാങ്കേതിക ചർച്ചകൾക്ക് ശേഷം ടെൻഡർ ക്ഷണിക്കുന്നതിന് മുന്നോടിയായി സ്പെസിഫിക്കേഷനുകൾ അന്തിമമാക്കേണ്ടതായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് താത്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്. സപ്ലൈകോയുടെ നഷ്ടം കുറയ്ക്കുന്നതിനായി ഭക്ഷ്യ സാധനങ്ങൾക്ക് പുറമെ അവശ്യ സാധനങ്ങൾ കൂടി ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നുണ്ട്. സപ്ലൈകോയുടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നതിന് സപ്ലൈകോയുടെ നേരിട്ടുള്ള മേൽനോട്ടം അത്യന്താപേക്ഷിതമാണ്. ശബരി ബ്രാൻഡിൽ ശബരി ചക്കി ഫ്രഷ് ആട്ട പ്രോസസ് ചെയ്തു വിതരണം ചെയ്തു വരുന്നു. അതിനാവശ്യമായ അസംസ്കൃത വസ്തു (ഗോതമ്പ്) പർച്ചേസ് വിഭാഗം ഇ- ടെൻഡർ നടപടികളിലൂടെ ലഭ്യമാക്കുന്നു. പ്രസ്തുത താല്പര്യപത്രത്തിലെ ചുവടെ ചേർക്കുന്ന നിബന്ധനകൾ സർക്കാർ നിർദ്ദേശപ്രകാരം മാറ്റിയിട്ടുണ്ട്. 1) സ്ഥാപനത്തിന്റെ വാർഷിക വിറ്റുവരവ് 100 കോടിയിൽ കൂടുതലായിരിക്കണം 2) താല്പര്യപാത്രത്തിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ ഫാക്ടറി സപ്ലൈകോ ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് 35 കിലോമീറ്റർ ചുറ്റളവിൽ വേണം 3) ISO Certification നിർബന്ധമാണ്. 19.11.2018- ലെ 17/428 നമ്പറായ ബോർഡ് തീരുമാനത്തിന്റെയും 12.03.2019 ലെ 38/C2/2019 F&CSD നമ്പറായ സർക്കാർ അനുമതിയുടെയും അടിസ്ഥാനത്തിൽ ശബരി അപ്പംപൊടി/പുട്ടുപൊടി എന്നിവ താല്പര്യപത്രം മുഖാന്തിരം ഫാക്ടറി ലീസിനെടുത്തു പ്രോസസ്സ് ചെയ്തു പായ്ക്ക് ചെയ്തു വിതരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ